(11) ശ്രീ. അഷ്‌ലിരത്നവിഭൂഷണ : ഏഷ്യൻ ഫിലിം സെന്ററിന്റെ പ്രസിഡന്റും ഫിലിം ക്രിട്ടിക്കുമായ ഇദ്ദേഹം ശ്രീലങ്കൻ സ്വദേശിയാണ്.

(12) ശ്രീ. അലൻജലാദു : ചലച്ചിത്രമേളയുടെ ജൂറിയംഗമായ ഇദ്ദേഹം ഫ്രാൻസുകാരനാണ്. 'നാന്റഡ്' ഫിലിം ഫെസ്റ്റിവലിന്റെ ഡയറക്ടറാണ്.

(13) ശ്രീ. മാർഷൽ നേബൽ : ചലച്ചിത്രമേളയുടെ ജൂറിയംഗമായിരുന്നു. 'ഫ്രീബർഗ്' ഫിലിം ഫെസ്റ്റിവൽ ഡയറ്ടറാണ്.

(14) ശ്രീ. ഡൊണാൾഡ് റിച്ചി : ചലച്ചിത്രമേളയുടെ ജൂറിയംഗമായിരുന്നു. ന്യൂയോർക്ക് നാഷണൽ ആർക്കൈവിലെ മുൻ ക്യൂറേറ്ററായിരുന്ന ഇദ്ദേഹം നിരവധി അന്താരാഷ്ട്ര പുരസ്കാരങ്ങൾ ലഭിച്ച പുസ്തകങ്ങളുടെ രചയിതാവും പ്രശസ്തനായ ഫിലിം ക്രിട്ടിക്കുമാണ്.

(15) ശ്രീ. മരിയോ മോനിസെല്ലി : പ്രശസ്തനായ ഇറ്റാലിയൻ കോമഡി ചിത്രങ്ങളുടെ സംവിധായകൻ, അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മുഖ്യാതിഥിയായിരുന്നു. ഇദ്ദേഹത്തിന്റെ പ്രശസ്തങ്ങളായ നാലു ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിച്ചിരുന്നു.

(16) ശ്രീമതി എമിനി സിലാൻ അക്സോയ് : മേളയിൽ ശ്രദ്ധിക്കപ്പെട്ട ടർകിഷ് ചിത്രമായ 'കസംബ'യുടെ സ്ക്രിപ്റ്റ്റൈറ്റർ.

(17) ശ്രീ. ഫെറെൻ മാൽഡോവാണി : മേളയിൽ പ്രദർശിപ്പിച്ച ഹംഗേറിയൻ ചലച്ചിത്രമായ 'ദിവേ'യുടെ സംവിധായകൻ.

(18) ശ്രീ. ലിംടൻ സെമേജ് : മേളയിലെ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച 'ദി ഔട്ട്കാസ്റ്റ്' എന്ന ശ്രീലങ്കൻ ചിത്രത്തിന്റെ സംവിധായകൻ.

(19) ശ്രീ. ഗ്യൂ റോംഗ് : മേളയിൽ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച ചൈനീസ് ചിത്രമായ 'അൺ വെൽക്കം ലേഡി'യുടെ സംവിധായകൻ.

(20) ശ്രീമതി ഗോണൽ ഗോമസ് കോളിൻ : അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഫെസ്റ്റിവൽ പ്രോഗ്രാമറായിരുന്നു.

(എച്ച്)വിദേശചലച്ചിത്രങ്ങൾ തെരഞ്ഞെടുത്ത് ഏർപ്പാടാക്കുന്നതിന് താഴെപ്പറയുന്നവരെ ഫെസ്റ്റിവൽ പ്രോഗ്രാമർമാരായി നിയോഗിച്ചിരുന്നു.

(1) ശ്രീ. വില്യം സീപ്മാൻ - യൂറോപ്യൻ ചിത്രങ്ങൾ.

(2) ശ്രീമതി അല സാൻഡ്ര സ്പെഷ്യലേ - ഇറാൻ ആഫ്രിക്കൻ ചിത്രങ്ങൾ.

(3) ശ്രീമതി അരുണാ വാസുദേവ് - ഏഷ്യൻ ചിത്രങ്ങൾ.

(4) ശ്രീമതി ഗോബർ ഗോമസ് കോളിൻ - ടർക്കി, സൗത്ത് കൊറിയൻ ചിത്രങ്ങൾ.

(ഐ) ശ്രീ. വില്യം സീപ്മാന് ഒരു ലക്ഷം രൂപയും ശ്രീമതി അരുണാ വാസുദേവിന് 25,000/- രൂപയുമാണ് നൽകിയിട്ടുള്ളത്. ഇത് ഇൻഡ്യൻ കറൻസിയിലാണ് നൽകിയത്.

39 (435) ശുദ്ധജല വിതരണ പദ്ധതി

ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ശോഭനാ ജോർജ് :

ശ്രീ. കെ. ബാബു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഇ.സി.എഫ്. ന്റെ ധനസഹായത്തിൽ സംസ്ഥാനത്ത് ആരംഭിക്കാൻ ഉദ്ദേശിച്ച ശുദ്ധജലവിതരണ പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്തുമോ;

(ബി) കൺസൾട്ടന്റിന്റെ നിയമനകാര്യത്തിൽ തീരുമാനം ആയിട്ടുണ്ടോ;

(സി) 1997-ൽ ഈ പ്രോജക്ടിന്റെ പ്രോജക്ട് കോ-ഓർഡിനേറ്റർ ആരായിരുന്നു എന്നു വ്യക്തമാക്കുമോ;

(ഡി) അദ്ദേഹം അന്ന് തയ്യാറാക്കി അതോറിറ്റിക്കു സമർപ്പിച്ച കൺസൾട്ടന്റുമാരുടെ ലിസ്റ്റിൽ എത്ര കമ്പനികളെ ഉൾപ്പെടുത്തിയിരുന്നുവെന്നും അവ ഏതൊക്കെയായിരുന്നു എന്നും വ്യക്തമാക്കുമോ;

(ഇ) ഈ ലിസ്റ്റ് ബോർഡ് പരിശോധിച്ചിരുന്നോ; എന്നും എങ്കിൽ തീരുമാനമെടുക്കാതെ ടെണ്ടർ കമ്മിറ്റിക്ക് അയച്ചതിന്റെ കാരണമെന്താണ് എന്നും വെളിപ്പെടുത്തുമോ;

(എഫ്) ഈ ലിസ്റ്റിൽ നിന്നും ടെണ്ടർ കമ്മിറ്റി ഏതെങ്കിലും കമ്പനികളെ ഒഴിവാക്കിയിട്ടുണ്ടോ എന്നും എങ്കിൽ ഏതൊക്കെ കമ്പനികളെ ആയിരുന്നുവെന്നും വെളിപ്പെടുത്തുമോ;

(ജി) ടെണ്ടർ കമ്മിറ്റിയിൽ പുതുതായി ഏതെങ്കിലും ഉൾപ്പെടുത്തുകയുണ്ടായോ; എങ്കിൽ അത് ഏതു കമ്പനിയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(എച്ച്) ടെണ്ടർ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഐ) ഈ വിഷയത്തിൽ നിയമഉപദേശം തേടുകയുണ്ടായോ എങ്കിൽ ഏതെങ്കിലും കമ്പനിയുടെ കൂട്ടുത്തരവാദിത്തമില്ലായ്മയെക്കുറിച്ച് ഉപദേശം ലഭിക്കുകയുണ്ടായോ; എങ്കിൽ ഇത് ഏതു കമ്പനിയായിരുന്നു;

(ജെ) നിയമോപദേശം പരിഗണിക്കുകയുണ്ടായോ; നിയമോപദേശമനുസരിച്ച ഏതെങ്കിലും കമ്പനിയെ അയോഗ്യമാക്കുകയുണ്ടായോ;

(കെ) നിയമോപദേശകർ ചൂണ്ടിക്കാണിച്ച പാളിച്ച പരിഹരിക്കാൻ ടെണ്ടർ കമ്മിറ്റി എന്തെങ്കിലും നിർദ്ദേശം മുന്നോട്ട് വയ്ക്കുകയുണ്ടായോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായി വരുന്നു. പദ്ധതി നിർവ്വഹണത്തിനായി കൺസൾട്ടന്റിനെ നിയമിക്കുന്നതു സംബന്ധിച്ച് നിയമസഭയ്ക്ക് അകത്തും പുറത്തുമുണ്ടായ വിവാദങ്ങളുടെ പശ്ചാത്തലത്തിൽ ആഗോളതലത്തിൽ പുതിയതായി ടെണ്ടർ ക്ഷണിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഈ തീരുമാനം ഒ.ഇ.സി.എഫ്.ന്റെ അംഗീകാരത്തിന് ആവശ്യമുള്ളതിനാൽ കേന്ദ്ര സർക്കാർ മുഖേന ഒ.ഇ.സി.എഫ്.നെ അറിയിക്കുകയും ചെയ്തിരുന്നു. കൺസൾട്ടന്റിന്റെ നിയമനത്തിനുശേഷം മറ്റു നടപടികൾ എടുക്കുന്നതാണ്.

(ബി) ഇല്ല.

(സി) 1997-ൽ ജല അതോറിറ്റിയുടെ പ്രോജക്ട് കോ-ഓർഡിനേറ്റർ സ്ഥാനം വഹിച്ചിരുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറായ ശ്രീ. ജി. സുദേവ് ആയിരുന്നു.

(ഡി) പ്രോജക്ട് കോ-ഓർഡിനേറ്റർ ഒ.ഇ.സി.എഫ്. മാർഗരേഖകൾക്കനുസൃതമായി തയ്യാറാക്കി അന്നത്തെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച് കേരള ജല അതോറിറ്റിയുടെ ബോർഡിന്റെ അംഗീകാരത്തിനുവേണ്ടി സമർപ്പിച്ച ലിസ്റ്റിൽ താഴെ പറയുന്ന 5 കമ്പനികൾ ഉൾപ്പെട്ടിരുന്നു.

1. മോണ്ട് ഗോമറി വാട്സൺ
2. മോട്ട് മക് ഡോണാൾഡ്
3. ലാമയർ ഇന്റർനാഷണൽ
4. ക്യാമ്പ് ഡ്രസ്സർ ആന്റ് മഗ്മി ഇന്റർനാഷണൽ
5. പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ

(ഇ) മേൽപ്പറഞ്ഞ 5 കമ്പനികളുടെ ലിസ്റ്റ് 31.5.97 ലെ 168-ാം അതോറിറ്റി മീറ്റിംഗിൽ പരിഗണിക്കുകയുണ്ടായി. അതോറിറ്റിയുടെ 4273-ാം നമ്പർ തീരുമാനപ്രകാരം കമ്പനികളുടെ മൂല്യനിർണ്ണയം ടെണ്ടർ കമ്മിറ്റിയെകൊണ്ടു കൂടി വിശദമായി നടത്തിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) ടെണ്ടർ കമ്മിറ്റി 36 കമ്പനികളെ പുനർമൂല്യനിർണ്ണയം നടത്തി 5 കമ്പനികളെ ഷോർട്ട്ലിസ്റ്റ് ചെയ്തു. അവയുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. മോണ്ട് ഗോമറി വാട്സൺ
2. മോട്ട് മക്ക് ഡോണാൾഡ്
3. ക്യാമ്പ് ഡ്രസ്സർ ആന്റ് മഗ്മി ഇന്റർനാഷണൽ
4. സ്കോട്ട് വിൽസൺ കിർക്ക് പാട്രിക്
5. ലാമയർ ഇന്റർനാഷണൽ

പസഫിക് കൺസൾട്ടന്റ് ഇന്റർനാഷണൽ എന്ന കമ്പനി ടെണ്ടർ കമ്മിറ്റി തയ്യാറാക്കിയ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നില്ല. ബാക്കി 4 കമ്പനികളും ആദ്യത്തെ ലിസ്റ്റിൽപ്പെട്ടവ തന്നെയായിരുന്നു.

(ജി) ടെണ്ടർ കമ്മിറ്റി വിശദമായി പുനർമൂല്യ നിർണ്ണയം നടത്തി തയ്യാറാക്കിയ ഷോർട്ട്ലിസ്റ്റിൽ പുതിയതായി ഉൾപ്പെടുത്തിയത് സ്കോട്ട് വിൽസൺ കിർക്ക് പാട്രിക്ക് എന്ന കമ്പനിയെയായിരുന്നു.

(എച്ച്) ജല അതോറിറ്റിയുടെ ഹെഡ് ഓഫീസിൽ ടെക്നിക്കൽ മെമ്പർ ചെയർമാൻ ആയും, അക്കൗണ്ട്സ് മെമ്പർ, ചീഫ് എഞ്ചിനീയർ (പി.എസ്. ആന്റ്.ജി.എൻ) ഫൈനാൻസ് മാനേജർ ആന്റ് ചീഫ് അക്കൗണ്ടന്റ് മാനേജർ എന്നിവർ മെമ്പർമാരായുള്ള ഒരു ടെണ്ടർ കമ്മിറ്റി ആയിരുന്നു ആ സമയത്ത് നിലവിലുണ്ടായിരുന്നത്.

(ഐ)&(ജെ) ഷോർട്ട് ലിസ്റ്റ് ചെയ്ത കമ്പനികളിൽ നാലെണ്ണത്തിന്റെ ടെക്നിക്കൽ ബിഡ്ഡും, ഫൈനാൽഷ്യൽ ബിഡ്ഡും ലഭിക്കുകയുണ്ടായി. എല്ലാ കമ്പനികളിൽനിന്നും ലഭിച്ച പ്രൊപ്പോസലുകളോടൊപ്പം സമർപ്പിച്ച കമ്പനികളുടെ അസോസിയേഷൻ ജോയിന്റ് വെൻച്വർ എന്നിവയിൽ പല നിയമപര

LIBRARY ARCHIVES Kerala Legislative Assembly

മായ പോരായ്മകൾ ഉണ്ടെന്ന് കേരള ജലഅതോറിറ്റിയുടെ സ്റ്റാന്റിംഗ് കൗൺസിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ടായിരുന്നു. നിയമവകുപ്പും അതോറിറ്റി കൗൺസിലിന്റെ അഭിപ്രായത്തോട് യോജിച്ചിട്ടുണ്ട്. അതോറിറ്റിയുടെ അഭ്യർത്ഥന മാനിച്ച് വിദഗ്ദ്ധ നിയമോപദേശം ആവശ്യമുണ്ടോ എന്ന കാര്യം ഗവൺമെന്റിന്റെ പരിശോധനയിലാണ്.

(കെ) പുതിയ ടെണ്ടർ ഇവാല്യൂവേഷൻ കമ്മിറ്റി രൂപീകരണം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

40 (436) ജലസേചന പദ്ധതികളുടെ പണി

ശ്രീ. പി. രാഘവൻ :
ശ്രീ. എളമരം കരീം :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.പി. വർഗ്ഗീസ് :
ശ്രീ. രാജു എബ്രഹാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾക്കുമുമ്പ് പണി ആരംഭിച്ച വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഒന്നും, രണ്ടും, മൂന്നും പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഏതെല്ലാം വൻകിട ജലസേചന പദ്ധതികളുടെ പണിയാണ് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്;

(ഡി) പ്രസ്തുത പദ്ധതികൾക്ക് ഓരോന്നിനും ഇതിനകം ചെലവഴിച്ചതുക എത്ര വീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഇവയുടെ ഓരോന്നിന്റെയും പൂർത്തീകരണത്തിന് ആരംഭഘട്ടത്തിൽ നിശ്ചയിച്ചിരുന്ന എസ്റ്റിമേറ്റ് തുക എത്ര വീതമായിരുന്നു എന്ന് അറിയിക്കുമോ;

(എഫ്) ഇപ്പോൾ നടന്നുവരുന്ന പദ്ധതികളുടെ പൂർത്തീകരണം ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എച്ച്) ആക്സിലറേറ്റഡ് ഇറിഗേഷൻ ബനിഫിറ്റ് പ്രോഗ്രാം പദ്ധതിയിൻകീഴിൽ കേന്ദ്രസഹായം ലഭിക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഐ) പണി നടന്നുകൊണ്ടിരിക്കുന്ന ഏതെല്ലാം ജലസേചന പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

LIBRARY ARCHIVES Kerala Legislative Assembly